## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1063** **05.03.2020 -ൽ മറുപടിയ്ക്ക്**

## പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരം

ചോദ്യം **ഉത്തരം**

**ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.ബി.ഡി. ദേവസ്സി**
**ശ്രീ. സി.കെ. ഹരീന്ദ്രൻ**
**ശ്രീ.കാരാട്ട് റസാഖ്**

പ്രൊഫ : സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ അക്കാദമിക നിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിൽ അദ്ധ്യാപക - രക്ഷകർതൃ സംഘടനകളുടെ പ്രാധാന്യം വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | കുട്ടികളുടെ പഠനപരമായ കാര്യങ്ങളിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കും വിധം അദ്ധ്യാപക-രക്ഷകർതൃ സംഘടനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | 1. ഒരു പ്രത്യേക പരിശീലന മൊഡ്യൂൾ തയ്യാറാക്കി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപക രക്ഷകർതൃ സമിതിയിലെ അംഗങ്ങൾക്ക് പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺസിന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകി.<br>2. ഉല്ലാസഗണിതം, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, ഗണിതവിജയം തുടങ്ങി നിരവധി പഠനപോഷണ പരിപാടികളുടെ വിശദാംശങ്ങൾ സ്കൂൾ തലത്തിൽ രക്ഷകർതൃയോഗം വിളിച്ച് വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.<br>3.സ്കൂളിൽ സാംസ്കാരിക പരിപാടികൾ സെമിനാറുകൾ, ചർച്ചകൾ, സ്കൂൾ പാർലമെന്റ്, പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ സ്കൂൾ അദ്ധ്യാപക -രക്ഷകർതൃ സംഘടന നേതൃത്വം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

4.ഓരോ വർഷവും അദ്ധ്യാപക -രക്ഷകർതൃ സംഘടന സമാഹരിച്ചിരിക്കുന്ന തുകയിൽ നിന്നും 15% തുകസ്കൂൾ ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങാൻ ഉപയോഗപ്പെടുത്തേണ്ടതാണ് എന്നും കൂടാതെ കമ്പ്യൂട്ടർ ലാബിലേയ്ക്കാവശ്യമായ കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങാനും അദ്ധ്യാപക-രക്ഷകർതൃസംഘടനയുടെ ഫണ്ട് വിനിയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

5.പത്രം,ആനുകാലികങ്ങൾ, രാസവസ്തുക്കൾ ഉൾപ്പെടെ ലാബോറട്ടറി സാധനങ്ങൾ/ഉപകരണങ്ങൾ വാങ്ങുന്നതിനും , കുട്ടിയുടെ വിവരങ്ങളും പഠനനിലവാരവും എല്ലാ രേഖപ്പെടുത്താനുള്ള സ്കൂൾ ഡയറി അച്ചടിച്ച് നൽകുന്നതിനും അദ്ധ്യാപക-രക്ഷകർതൃ സംഘടനയുടെ ഫണ്ട് ഉപയോഗപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സി) മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന അദ്ധ്യാപക -രക്ഷകർതൃ സമിതികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സി) മികച്ച പ്രവർത്തനം നടത്തുന്ന അദ്ധ്യാപക -രക്ഷകർതൃ സമിതികൾക്ക് സബ് ജില്ലാ തലത്തിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്നവർക്ക് 10,000/- രൂപ വീതവും വിദ്യാഭ്യാസ ജില്ലാതലത്തിൽ 25,000/- രൂപ വീതവും ജില്ലാതലത്തിൽ പ്രൈമറി,ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനകാർക്ക് 60,000/- രൂപയും രണ്ടാം സ്ഥാനകാർക്ക് 40,000/- രൂപയും നൽകുന്നു. സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന അദ്ധ്യാപക രക്ഷകർതൃ സമിതിക്ക് 5 ലക്ഷം രൂപവീതവും, രണ്ടാം സംസ്ഥാനത്തെ ത്തുന്നവർക്ക് 4 ലക്ഷം രൂപ വീതവും, മൂന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 3 ലക്ഷം രൂപ വീതവും, നാലാം സ്ഥാനം ലഭിക്കുന്നവർക്ക് 2 ലക്ഷം രൂപ വീതവും, അഞ്ചാം സ്ഥാനം ലഭിക്കുന്നവർക്ക് 1 ലക്ഷം രൂപ വീതവുമാണ് നൽകി വരുന്നത്.

സെക്ഷൻ ഓഫീസർ